(ബി) അതിനുള്ള കാരണമെന്താണ് ;

(സി) ജലസംഭരണികളുടെ അടിത്തട്ടിൽ ഒഴുകിയെത്തിയിട്ടുള്ള കല്ലും മണ്ണും നീക്കം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ ;

(ഡി) പദ്ധതി പ്രദേശങ്ങളിലെ ജലസംഭരണിക്ക് സമീപമുള്ള കൃഷി നിരോധിക്കാനുദ്ദേശമുണ്ടോ ;

(ഇ) ജലസംഭരണികൾക്ക് ചുറ്റും മരം നട്ടുപിടിപ്പിച്ച് വനവൽക്കരണം നടത്താനുദ്ദേശമുണ്ടോ ?

ഉത്തരം

(എ) മലമ്പുഴ, മംഗലം, പോത്തുണ്ടി, വാളയാർ, മീൻകര, ചുള്ളിയാർ, ചിറ്റാർപുഴ, കുറ്റ്യാടി, പഴശ്ശി, പീച്ചി തുടങ്ങിയ ജലസംഭരണികളിൽ.

(ബി) അടിത്തട്ടിൽ കല്ലും മണ്ണും ചെളിയും അടിഞ്ഞുകൂടുന്നതുകൊണ്ട്.

(സി) ചെളി നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തിയുടെ അവകാശം ലേലം ചെയ്തുനല്കിവരുന്നു.

(ഡി) സമീപം ഏറ്റെടുത്തിട്ടുള്ള സ്ഥലത്ത് കൃഷി നിരോധിച്ചിട്ടുണ്ട്.

(ഇ) മൂവാറ്റുപുഴ പദ്ധതിക്ക് ചുറ്റും വനവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ജലസംഭരണികളുടെ സംഭരണശേഷി

48 (2326) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ ജലസംഭരണികളുടെ സംഭരണശേഷി എത്ര ; ഇപ്പോൾ ഓരോന്നിലും സംഭരിച്ചിട്ടുള്ള ജലത്തിന്റെ അളവെത്ര ;

(ബി) പല ജലസംഭരണികളും ചെളിനിറഞ്ഞു സംഭരണ ശേഷി കുറഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവയുടെ ചെളിമാറ്റി സംഭരണശേഷി വർദ്ധിപ്പിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഏതെല്ലാം ജലസംഭരണികളിൽ അപ്പർ ഡാം കെട്ടേണ്ട ആവശ്യമുണ്ട് ; ഇവ എപ്പോൾ കെട്ടാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ഇ) കർഷകരുടെ ആവശ്യം കണക്കിലെടുത്ത് ജലസംഭരണികളിൽ നിന്നും കൃഷിക്കാവശ്യമായ ജലം യഥാസമയം തുറന്നുനല്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളത് ; എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

ക്രമനം.	പദ്ധതിയുടെ പേര്	സംഭരണശേഷി	ഇപ്പോഴുള്ള ജലത്തിന്റെ തോത്
1	മലമ്പുഴ	226.000	19.6416
2	മംഗലം	25.340	4.604
3	പോത്തുണ്ടി	50.910	3.889
4	വാളയാർ	18.400	1.602
5	മീൻകര	11.300	1.144
6	ചുള്ളിയാർ	13.700	1.047
7	കാഞ്ഞിരപ്പുഴ	70.5274	28.4941
8	കുറ്റ്യാടി	120.520	109.200
9	പഴശ്ശി	97.500	കാലവർഷം തുടങ്ങിയതിനാൽ ബാരേജിന്റെ ഷട്ടർ തുറന്നിട്ടിരിക്കുന്നു
10	കല്ലട	507.000	94.840
11	മൂവാറ്റുപ്പുഴ	42.000	27.500
12	പീച്ചി	109.80	6.916
13	ചിമ്മിനി	179.24	71.340
14	വാഴാനി	18.120	0.840
15	നെയ്യാർ	106.200	26.760

(ബി) മൂവാറ്റുപുഴ ഒഴികെയുള്ള സംഭരണികളിൽ ചെളി നിറഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂവാറ്റുപുഴ ഒരു ഡൈവേർഷൻ പദ്ധതിയായതുകൊണ്ട് ചെളി നിറയാനുള്ള സാഹചര്യം കുറവാണ്.

(സി) കോഴിക്കോട് പ്രോജക്ട്-1 ചീഫ് എഞ്ചിനീയറുടെ പരിധിയിലുള്ള സംഭരണികളിൽനിന്നും വർഷംതോറും ചെളി നീക്കം ചെയ്യുന്നുണ്ട്. കല്ലട പദ്ധതിയിൽ നദീമുഖങ്ങളിൽ അടിയുന്ന ചെളിമാറ്റാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പീച്ചി, വാഴാനി, ചിമ്മിനി, എന്നിവയുടെ റിസർവ്വോയറിലെ ചെളിമാറ്റുന്ന പ്രവൃത്തി ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു. നെയ്യാർ പദ്ധതിയെ സംബന്ധിച്ച് പഠനം നടത്താൻ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പഴശ്ശി പദ്ധതിയുടെ അപ്പർ ഡാമായി ആറളം പദ്ധതി ഉദ്ദേശിക്കുന്നു. ഇതിന്റെ പരിശോധന നടന്നുവരുന്നു. കല്ലട ഡാമിന്റെ കഴുതുരുട്ടി ആറിൽ ഒരു സിൽറ്റ് കൺട്രോൾ വിയർ നിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. മൂവാറ്റുപുഴയിൽ അപ്പർ ഡാമിന്റെ ആവശ്യമില്ല. പീച്ചി, വാഴാനി, ചിമ്മിനി പദ്ധതികളിൽ ഇത്തരം നിർദ്ദേശമില്ല.

(ഇ) പ്രോജക്ട് ഉപദേശകസമിതിയുടെ തീരുമാനപ്രകാരവും കർഷക സമിതിയുടെ ജലവിതരണ കലണ്ടർ പ്രകാരവും വേനൽക്കാലങ്ങളിൽ ടേൺ സിസ്റ്റം അനുസരിച്ചും ജലം നല്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

വയനാട്ടിൽ ജലസേചനം നടത്തുന്നതിനുള്ള പദ്ധതികൾ

49 (2327) ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്ടിൽകൂടി ഒഴുകി കബനി നദിയിൽ ചേരുന്ന മാനന്തവാടി, പനമരം പുഴകളിൽ നിന്നും വയനാട്ടിൽ ജലസേചനം നടത്തുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകുവാൻ കർണ്ണാടക തമിഴ്നാട് ഗവൺമെന്റുകളുടെ അനുമതി ആവശ്യമാണോ ;

(ബി) ലിഫ്റ്റ് ഇറിഗേഷൻ വഴി ഈ പുഴകളിലെ വെള്ളം കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) ലിഫ്റ്റ് ഇറിഗേഷൻ വഴി സ്വന്തമായോ സഹകരണാടിസ്ഥാനത്തിലോ ജലസേചന സൗകര്യം ഒരുക്കുന്ന കർഷകരെ സഹായിക്കുവാൻ എന്തെങ്കിലും പദ്ധതികൾ ഉണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ഡി) വയനാട്ടിൽ ഏറ്റവും കൂടുതൽ വരൾച്ചയനുഭവപ്പെടുന്ന മുള്ളൻകൊല്ലി പുൽപ്പള്ളി പഞ്ചായത്തുകൾക്കാവശ്യമായ ജലം ഈ നദിയിൽ നിന്ന് പമ്പ് ചെയ്ത് കൊടുക്കുവാനുള്ള പദ്ധതി ആവിഷ്കരിക്കുമോ ?

ഉത്തരം

(എ) ആവശ്യമാണ്.

(ബി) വയനാട് ചെറുകിട ജലസേചന വിഭാഗത്തിന്റെ കീഴിൽ താഴെപ്പറയുന്ന ലിഫ്ട് ഇറിഗേഷൻ പദ്ധതികൾ ഉണ്ട് :

1. താസിക്കൽ എൽ.ഐ. സ്കീം
2. കമ്മന എൽ.ഐ. സ്കീം
3. കൂടൽ എൽ.ഐ. സ്കീം
4. പനമരം എൽ.ഐ. സ്കീം
5. ചാലിഗദ്ധ എൽ.ഐ. സ്കീം
6. കൊളവള്ളി സ്റ്റേജ്-1 സ്കീം

LIBRARY ARCHIVES Kerala Legislative Assembly